**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1049** **18-09-2025 - ൽ മറുപടിയ്ക്ക്**

**റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മലയോര കർഷകരുടെ ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിച്ചുകൊണ്ട് അനുദിനം വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് കൂടുതൽ ഫലപ്രദവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകത പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വനം വകുപ്പ് തയ്യാറാക്കിയ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ നയസമീപന രേഖ വിശദമായി ചർച്ച ചെയ്ത് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുന്നതിനായി 27/08/2025 ന് തിരുവനന്തപുരത്ത് വച്ച് വിവിധ വകുപ്പ് പ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക പ്രതിനിധികൾ, ജനപ്രതിനിധികൾ മറ്റു സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരെ ഉൾപ്പെടുത്തി ഒരു കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിട്ടുള്ളതാണ്. ഇതിന് പുറമേ സർക്കാർ രൂപകല്പന ചെയ്തിട്ടുള്ള പത്ത് തീവ്രയജ്ഞ മിഷനുകളും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനുള്ള ഫലപ്രദവും ശാസ്ത്രീയവും പരമ്പരാഗതവുമായ മാർഗ്ഗങ്ങൾ അവലംബിക്കുകയും പരിശോധനാ വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ടി പത്ത് തീവ്രയജ്ഞ പരിപാടികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.<br>1) വന്യമൃഗങ്ങൾക്ക് ആവശ്യമായ ഭക്ഷണ-ജലലഭ്യത വനത്തിനുള്ളിൽ തന്നെ ഉറപ്പുവരുത്തുന്നതിനായി മിഷൻ ഫുഡ്, ഫോഡർ, വാട്ടർ;<br><br>2) പരമ്പരാഗത അറിവുകളുടെ ശേഖരണത്തിനും അവയുടെ ഫലപ്രാപ്തി സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾക്കും പ്രായോഗികമായവയുടെ ഉപയുക്തതയ്ക്കും പ്രചാരണത്തിനുമായി കേരള വന ഗവേഷണ കേന്ദ്രവുമായി ചേർന്ന് ഗോത്രഭേരി അഥവാ Mission Tribal Knowledge എന്ന തീവ്രയജ്ഞ പദ്ധതി; |

3) വനം വകുപ്പ് ഇതുവരെ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ വേലികളുടെ അവസ്ഥ വിലയിരുത്തി ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിംഗ്;

4) മനുഷ്യ-വന്യജീവി സംഘർഷം റിപ്പോർട്ട് ചെയ്യപ്പെടുന്നയിടങ്ങളിൽ RRT സംഘം എത്തിച്ചേരുന്നതിന് മുമ്പ് തന്നെ ചിട്ടയായ സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ അടിയന്തരമായി തുടക്കം കുറിക്കുവാൻ തദ്ദേശവാസികളിൽ നിന്നും സന്നദ്ധരായവരെ ഉൾപ്പെടുത്തി Primary Response Team (PRT) കൾ രൂപീകരിക്കുന്നതിനായി Mission PRT;

5) മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കാനായി മിഷൻ Real Time Monitoring;

6) മനുഷ്യ-വന്യജീവി സംഘർഷങ്ങൾ സംബന്ധിച്ച് പ്രാദേശിക സംഘർഷ സാഹചര്യങ്ങൾക്ക് അനുസൃതമായ വിജ്ഞാന അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും പൊതുജനത്തിന് വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുബന്ധ വിഷയങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനു വേണ്ടി മിഷൻ സെൻസിറ്റൈസേഷൻ ടു പബ്ലിക്;

7) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഗവേഷണം, പഠനം എന്നിവ നടത്തുകയും കാലാവസ്ഥാവ്യതിയാനം മൂലമുള്ള വന്യമൃഗങ്ങളുടെ സ്വഭാവത്തിലുള്ള മാറ്റങ്ങൾ, സംഘർഷത്തിന് കാരണമാകുന്ന വിവിധ കാരണങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് മുൻകൈ എടുക്കുകയും, പഠന ഗവേഷണ പരിപാടികളുടെ കണ്ടെത്തലുകൾ ഉദ്യോഗസ്ഥരിലേക്കും പൊതുജനങ്ങളിലേക്കും കൃത്യമായി എത്തിക്കുന്നതിനുമുള്ള നടപടികൾക്കുമായി Mission Science on Human Wildlife Conflict;

8) നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന സംഘർഷങ്ങളുടെ കാരണങ്ങളും, പൊതുവായും പ്രാദേശിക പ്രത്യേകതകൾക്ക് അനുസരിച്ച് പ്രത്യേകമായും പ്രതിവിധിയായി സ്വീകരിക്കാവുന്ന നടപടികൾ ഉൾക്കൊള്ളിച്ചും വിശദമായ പഠനറിപ്പോർട്ട് തയാറാക്കി അതനുസരിച്ച് നാടൻ കുരങ്ങുകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പ്രായോഗികമായി ഇല്ലാതാക്കുന്നതിനായി Mission Bonnet Macaque;

| | | | |
|---|---|---|---|
| | | | 9) ജനവാസമേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും അപകടകാരികളായ കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനും സംഘർഷം ഒഴിവാക്കുന്നതിനും നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാര വികേന്ദ്രീകരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ പരിശീലനങ്ങളും സാങ്കേതിക സഹായങ്ങളും വനം വകുപ്പ് പഞ്ചായത്തുകൾക്ക് നൽകുന്നതിലേക്കായി Mission Wild Pig;<br><br>10) പാമ്പുകടിയേറ്റ് ഒരു മരണം പോലും ഉണ്ടാവരുത് എന്ന വനം വകുപ്പിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി മിഷൻ സർപ്പ. |
| (ബി) | മനുഷ്യവാസ മേഖലയിലെ വന്യജീവി ആക്രമണങ്ങളുടെ ഫലമായി ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ഒരു നിയമനിർമ്മാണത്തിന്റെ സാധ്യത പരിശോധനാ വിധേയമാക്കുമോ; വിശദമാക്കുമോ; | (ബി) | കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾക്ക് നിയമപരമായ സാധുത നല്കുന്നതിലേക്കുള്ള കരട് ബില്ല് സർക്കാർ അംഗീകാരം നല്കിയിട്ടുള്ളതും ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതുമാണ്. |
| (സി) | കാടിറങ്ങുന്ന വന്യജീവികളെ സംബന്ധിച്ച് മനുഷ്യവാസ മേഖലയിൽ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി നടപ്പിലാക്കിയ റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങൾ ഒഴിവാക്കുവാൻ വന്യമൃഗ സാന്നിദ്ധ്യം മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് മുന്നൊരുക്കങ്ങൾ സ്വീകരിച്ച് സുരക്ഷിതരായിരിക്കുവാനും സഹായിക്കുന്ന അടിസ്ഥാന വിവരം കൈമാറൽ സംവിധാനങ്ങൾ നിലവിൽ വനമേഖലകളിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരത്തിലുള്ള നൂതന സാങ്കേതിക വിദ്യയിലൂടെ നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം സംവിധാനങ്ങളിലൂടെ സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുവാനും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി അറിയുവാനും സാധിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ കൃത്യമായ ഉപയോഗം വനാതിർത്തി പ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും വനം-വന്യജീവി പരിപാലനം കാര്യക്ഷമമാക്കുന്നതിനും വളരെ സഹായകമാകും. മനുഷ്യ-വന്യജീവി സംഘർഷ സാഹചര്യങ്ങൾ ഒഴിവാക്കുവാൻ വന്യമൃഗ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിനും ജനങ്ങൾക്ക് മുന്നൊരുക്കങ്ങൾ സ്വീകരിച്ച സുരക്ഷിതരായിരിക്കാനും സഹായിക്കുന്ന അടിസ്ഥാന വിവരകൈമാറൽ സംവിധാനങ്ങൾ നിലവിൽ സംസ്ഥാനത്തെ വനമേഖലകളിൽ സജ്ജീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വ്യാപകമായ ഇടങ്ങളിൽ ഏറ്റവും കാര്യക്ഷമമായി ഇത്തരത്തിലുള്ള നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടി- |

| | | | |
|---|---|---|---|
| | | | കളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും സജ്ജീകരിക്കുന്നതിനാണ് മിഷൻ Real Time Monitoring ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആനത്താരകൾ, വന്യമൃഗങ്ങളുടെ സ്ഥിരം സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടിയറിഞ്ഞ് മുൻ കരുതൽ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| (ഡി) | ഭക്ഷണത്തിനും വെള്ളത്തിനുമായി വന്യമൃഗങ്ങൾ കാടിറങ്ങുന്നത് ഒഴിവാക്കുന്നതിനുവേണ്ടി കാടിനുള്ളിൽ വന്യമൃഗങ്ങൾക്ക് ആവശ്യമായ ജലവും ഭക്ഷണവും ലഭിക്കുന്നതിന് ശാസ്ത്രീയമായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ തന്നെ ഭക്ഷ്യ-ജല ലഭ്യത ഉറപ്പാക്കുന്നതിനായി വനം വകുപ്പ് മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പരിപാടി നടപ്പിലാക്കി വരുന്നു. ഇത് പ്രകാരം വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നത് ഒഴിവാക്കുന്നതിനും അവയ്ക്ക് ആവശ്യമായ ജലഭക്ഷണ ലഭ്യത വനത്തിനുള്ളിൽ തന്നെ സജ്ജീകരിക്കുന്നതിനുമായി കുളങ്ങളും മറ്റു ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കുകയും അധിനിവേശ കളസസ്യങ്ങളെ ഉന്മൂലനം ചെയ്തും തദ്ദേശീയമായ ഫലവൃക്ഷങ്ങളുടെയും, പുല്ലിന്റേയും വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മിഷൻ ഫുഡ്, ഫോഡർ, വാട്ടർ തീവ്രയജ്ഞ പരിപാടിയിലൂടെ 2025 ഫെബ്രുവരി മുതൽ നാളിതുവരെ ചുവടെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>സീഡ് ബാൾ (വിത്തുണ്ട) വ്യാപനം - 5,06,487എണ്ണം<br><br>വിസ്റ്റ ക്ലിയറൻസ് - 620.722 ഹെക്ടർ<br><br>തുറസ്സായ പ്രദേശങ്ങളുടെ പുനഃസ്ഥാപനം - 263.15 ഹെക്ടർ<br><br>വയലുകളുടെ പുനഃസ്ഥാപനം - 572.72 ഹെക്ടർ<br><br>പുൽമേടുകളുടെ പുനഃസ്ഥാപനം - 1704.85 ഹെക്ടർ<br><br>സ്വാഭാവിക കുളങ്ങളുടെ പരിപാലനം - 111 എണ്ണം<br><br>കൃത്രിമ കുളങ്ങളുടെ നിർമ്മാണം - 55 എണ്ണം<br><br>കൃത്രിമ കുളങ്ങളുടെ പരിപാലനം - 112 എണ്ണം<br><br>കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ നിർമ്മാണം - 2 എണ്ണം<br><br>കോൺക്രീറ്റ് ചെക്ക് ഡാമുകളുടെ പരിപാലനം - 113 എണ്ണം<br><br>കൽത്തടയണകളുടെ നിർമ്മാണം - 21 എണ്ണം |

| | | | |
|---|---|---|---|
| | | | മൺ തടയണകളുടെ നിർമ്മാണം - 15 എണ്ണം<br><br>ബ്രഷ്-വുഡ് ചെക്ക് ഡാമുകളുടെ നിർമ്മാണം - 646 എണ്ണം<br><br>നീരുറവകളുടെ പരിപാലനം - 226 എണ്ണം. |

സെക്ഷൻ ഓഫീസർ